4. ആർ. സി. എച്ച്. പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ല ഒഴികെ എല്ലാ ജില്ലകളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിന് ജില്ലക്ക് 10 ലക്ഷം രൂപ പ്രകാരം ഒരു പി.എച്ച്.സി.-ക്ക് പരമാവധി രണ്ട് ലക്ഷം രൂപ എന്ന തോതിൽ ചെലവഴിച്ചിട്ടുണ്ട്.

5. എം.പി., എം.എൽ.എ. എന്നിവരുടെ പ്രാദേശിക വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് എന്നിവ ഉപയോഗിച്ച് കെട്ടിടം പൂർത്തിയാക്കിയിട്ടും കിടത്തി ചികിൽസ നടത്താതിരുന്ന 201 സ്ഥാപനങ്ങളിലായി 1200 തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

6. കൂടാതെ ഗ്രാമീണ മേഖലയിലുള്ള ആശുപത്രികളുടേയും പി.എച്ച്.സി-കളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ നിന്നും സഹായം തേടുന്നതിനായി 435 സ്ഥാപനങ്ങൾക്കുള്ള പ്രോപ്പോസൽ നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും കിടത്തി ചികിൽസ സൗകര്യം ഏർപ്പെടുത്തുവാൻ വലിയ സാമ്പത്തിക ബാദ്ധ്യത വരുന്നകാര്യമായതിനാൽ അടിസ്ഥാന സൗകര്യങ്ങളും ഭൗതിക സാഹചര്യങ്ങളുമുള്ള കേന്ദ്രങ്ങളിൽ ഈ സൗകര്യം ഏർപ്പെടുത്തുവാൻ നടപടി കൈക്കൊണ്ടുവരുന്നു.

(സി) 15-7-2004-ലെ സ.ഉ.(എം)എസ്.) 152/2004/ആ.കു.വ. പ്രകാരം 201 സ്ഥാപനങ്ങളിൽ 335 ഡോക്ടർമാരുൾപ്പെടെ 1200 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പി.എസ്.സി. വഴിയുള്ള ഡോക്ടർമാരുടെ നിയമനം നടന്നുവരുന്നു.

(ഡി, ഇ) നിയമപരമായി അർഹതയുള്ള ലീവെടുത്ത് വിദേശത്ത് ജോലി ചെയ്യുന്നവർ സമയം കഴിഞ്ഞ് മടങ്ങി വന്നില്ലെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്. കൂടുതൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാൻ ആലോചനയില്ല.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ പി.എച്ച്.സി.-കളിൽ രോഗികളെ കിടത്തി ചികിൽസിക്കാൻ നടപടി

131 [907] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എത്ര പി.എച്ച്.സി.-കളിൽ രോഗികളെ കിടത്തി ചികിൽസിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കൂടുതൽ പി.എച്ച്.സി.-കളിൽ രോഗികളെ കിടത്തി ചികിൽസിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ എരുമപ്പെട്ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) 15-7-2004-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 152/04/ആകുവ. പ്രകാരം വേലൂർ പി.എച്ച്.സി.-യിൽ രണ്ടു മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെ ഏഴു തസ്തികകൾ അധികമായി സൃഷ്ടിക്കുകയും 14 കിടക്കകൾ അധികമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് കിടത്തി ചികിത്സ ആരംഭിക്കുന്നതാണ്.

എം.ജി.പി.-യിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് നടപടി

132 [908] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമിളി, വണ്ടിപ്പെരിയാർ, ഉപ്പുതറ, ഏലപ്പാറ, ചെറുവന്താനം എന്നീ പി.എച്ച്.സി./സി.എച്ച്.സി.-കളെ എം.ജി.പി.-യിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിനെ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ ; അവയുടെ കോപ്പി ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ആശുപത്രികളെ എം.ജി.പി.-യിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ആയത് ഉൾപ്പെടുത്തി ഉത്തരവാകുമോ ?

ഉത്തരം

(എ) നിവേദനത്തിലെ ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

(സി) സർക്കാരിന്റെ സജീവ പരിഗണനയിലുള്ള സേവന പ്രദാന പദ്ധതിയുടെ രണ്ടാംഘട്ടം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമയത്ത് നിവേദനത്തിൽ ശുപാർശ ചെയ്തിട്ടുള്ള ആശുപത്രികളെക്കൂടി ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly